നോർത്ത് വയനാട് കോ-ഓപ്പറേറ്റീവ് റബ്ബർ&അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി ലി. നമ്പർ സി. 384-ന് 2013-14-ലെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുവദിച്ച ധനസഹായം നൽകാൻ സാധിക്കാതെവന്ന സാഹചര്യത്തിൽ 2014-15 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ സംഘങ്ങൾക്ക് കെട്ടിടനിർമ്മാണം**

**93 (6544)** ശ്രീ. അബ്ദുറഹിമാൻ .രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര സഹകരണ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ആശുപത്രി സഹകരണ സംഘങ്ങൾക്ക് കെട്ടിടം പണിക്കായി 10 ലക്ഷം രൂപവരെ സബ്സിഡിയിനത്തിൽ ധനസഹായം നൽകിവരുന്നു. ഇതിനുപുറമെ പ്രോജക്ടുകളുടെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിന് ആശുപത്രി, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ തുടങ്ങിയ വിവിധങ്ങളായ സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. മുഖേനയും ധനസഹായം നൽകിവരുന്നു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിടം പുനരുദ്ധരിക്കുന്നതിന് പരമാവധി 5 ലക്ഷം രൂപവരെ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) സംസ്ഥാന പദ്ധതിപ്രകാരം ഒരു ആശുപത്രി സംഘത്തിനും എൻ.സി.ഡി.സി. പദ്ധതിപ്രകാരം 10 സംഘങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിട പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി 48 സംഘങ്ങൾക്കും 2013-14 വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്.

**സഹകരണ ഓഡിറ്റ് സമകാലികമാക്കാനുള്ള നടപടികൾ**

**94 (6545)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ആഡിറ്റ് വകുപ്പ് എന്നാണ് രൂപീകരിച്ചത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly